പതിമൂന്നാം കേരള നിയമസഭ

പതിന്നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1162 | 01/07/2015 ൽ മറുപടിയ്ക്ക്

# റവന്യൂ ഇൻഫർമേഷൻ സിസ്റ്റം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. കെ. മുരളീധരൻ<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ബെന്നി ബഹനാൻ<br>ശ്രീ. സണ്ണി ജോസഫ് | | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) | റവന്യൂ ഇൻഫർമേഷൻ സിസ്ററം (ആർ.ഇ.എൽ.ഐ.എസ്.) പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (ബി) | ആധുനിക വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ്/ജമമാറ്റം നടപടികൾ വേഗത്തിലും, സുതാര്യമായും, കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും, ചെയ്യുന്ന ഓൺലൈൻ പോക്കുവരവ് ആണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യം. നിലവിലെ സംവിധാനം അനുസരിച്ച് പോക്കുവരവ് ചെയ്യുന്നതിനുള്ള കാലതാമസവും യഥാവിധി പോക്കുവരവ് നടക്കാതെയും, നടത്താതെയും ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും ജനങ്ങൾക്ക് പരിഹരിച്ചുകിട്ടുകയും, വില്ലേജ് റിക്കാർഡുകളിൽ കൃത്യമായ രേഖപ്പെടുത്തലുകൾ ഉണ്ടാവുകയും ചെയ്യുന്നു. മാത്രമല്ല, സർക്കാർ ഭൂമി യാതൊരു കാരണവശാലും അനധികൃതമായി കൈമാറ്റം ചെയ്യപ്പെടാതിരിക്കാനും, രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ സമയബന്ധിതമായ ജമമാറ്റം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽ നിന്നോ, നിരീക്ഷണത്തിൽ നിന്നോ മാറിപ്പോകാതിരിക്കാനും ഈ സംവിധാനം സഹായകരമാണ്. ഭൂമി കൈമാറ്റങ്ങളുമായി ബന്ധപ്പെട്ട സുതാര്യതയാണ് മറ്റൊരു ഉദ്ദേശ്യലക്ഷ്യം. |
| (സി) | പോക്കുവരവ് നടത്തുന്നതിന് റവന്യൂ-രജിസ്ട്രേഷൻ വകുപ്പു കളെ ഓൺലൈനായി ബന്ധിപ്പിച്ച് എന്തെല്ലാം സൗകര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തി യിരിക്കുന്നത്; വ്യക്തമാക്കാമോ; | (സി) | നിലവിൽ പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതി പ്രകാരം ഓൺ ലൈൻ പോക്കുവരവ് (ജമമാറ്റം) ചെയ്യുന്നതിലേയ്ക്കായി സ്ഥലം കൈമാറ്റം ചെയ്യാനുദ്ദേശിക്കുന്ന വ്യക്തി വില്ലേജ് ഓഫീസിൽ നിന്നോ, അക്ഷയകേന്ദ്രങ്ങളിൽ നിന്നോ ലഭിക്കുന്ന 'ഭൂരേഖ'(RoR) സഹിതം ആ പ്രദേശത്തെ സബ് രജിസ്ട്രാർക്ക് അക്ഷയ കേന്ദ്രം വഴി നിശ്ചിത ഫോറത്തിൽ തയ്യാറാക്കിയ പോക്കുവരവ് ചട്ടങ്ങൾ പ്രകാരമുള്ള അപേക്ഷ ഓൺ ലൈൻ ആയി അയക്കേണ്ടതാണ്. ആധാരത്തിലെയും, ഓൺ ലൈൻ ആയി ലഭിച്ച അപേക്ഷയിലെയും വസ്തുതകൾ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പ് |

വരുത്തിയ ശേഷം അവശ്യം വേണ്ട വിവരങ്ങൾ ഓൺ ലൈൻ ആയിത്തന്നെ രേഖപ്പെടുത്തുകയും ചെയ്യുന്നു. ഈ വിവരങ്ങൾ സബ് രജിസ്ട്രാർ പരിശോധിച്ച് അംഗീകരിച്ചാൽ ഉടനെ പോക്കുവരവ് (ജമമാറ്റം) നടത്തുന്നതിലേയ്ക്കായി ഭൂമി കൈമാറ്റത്തിന്റെ സ്വഭാവമനുസരിച്ച് ബന്ധപ്പെട്ട തഹസിൽദാർക്കോ, വില്ലേജ് ഓഫീസർക്കോ റെലിസ് (ReLIS) പ്രോഗ്രാം വഴി ഓൺ ലൈൻ ആയി അയച്ചുകൊടുക്കുന്നതുമാണ്. ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ, വില്ലേജ് ഓഫീസർ/തഹസിൽദാർ പരിശോധിച്ച് അംഗീകരിക്കുമ്പോൾ വസ്തു കൈമാറ്റം ലഭിച്ച വ്യക്തിയുടെ പേരിൽ ജമമാറ്റം നടക്കുകയും, പുതിയ തണ്ടപ്പേർ, സർവ്വെ/സബ് ഡിവിഷൻ നമ്പർ എന്നിവ ലഭിക്കുകയും ചെയ്യുന്നു.

നിലവിലെ പദ്ധതിയുടെ ന്യൂനതകൾ പരിഹരിച്ചുകൊണ്ട് പൊതു ജനങ്ങൾക്ക് പരമാവധി ബുദ്ധിമുട്ടുകൾ ഒഴിവാക്കി, ഓൺലൈൻ പോക്കുവരവ് മറ്റ് ജില്ലകളിൽ കൂടി നടപ്പാക്കാനുള്ള നടപടികൾ നടന്നു വരുന്നു. ആധാര രജിസ്ട്രേഷനുവേണ്ടി ഉപയോഗിക്കുന്ന ഓപ്പൺ പേൾ എന്ന സോഫ്റ്റ് വെയറുമായി റെലിസ് സോഫ്റ്റ് വെയർ ബന്ധിപ്പിച്ചുകൊണ്ട് ഓൺലൈൻ പോക്കുവരവ് സാധ്യമാക്കുന്ന രീതിയാണ് പരിഗണനയിലുള്ളത്.

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) റീ സർവ്വേ പൂർത്തീകരിച്ച വില്ലേജുകളിലാണ് ആദ്യഘട്ടത്തിൽ ഓൺലൈൻ പോക്കുവരവ് സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളത് പാലക്കാട് ജില്ലയിലെ ആലത്തൂർ, വടക്കാഞ്ചേരി എന്നീ സബ് രജിസ്ട്രാർ ഓഫീസുകളുടെ അധികാരപരിധിയിൽ വരുന്ന 17 വില്ലേജുകളിൽ 15/09/2011 മുതൽ ഓൺലൈൻ പോക്കുവരവ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പുതിയതായി മറ്റ് തിരഞ്ഞെടുക്കപ്പെട്ട വില്ലേജുകളിൽ കൂടി ഓൺലൈൻ പോക്കുവരവ് സംവിധാനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ